ശ്രീരാമചരിതം.

ഏ. പരമേശ്വരശാസ്ത്രികൾ.

ശ്രീരാമചരിതം.

ഗ്രന്ഥകർത്താ

മഹോപാദ്ധ്യായ

റ്റി. പരമേശ്വരശാസ്ത്രികൾ.

(രാജകീയസംസ്കൃത മഹാപാഠശാലാ പണ്ഡിതർ.)

പ്രസാധകൻ

എസ്. ജ്ഞാനസ്കന്ദൻ

തിരുവനന്തപുരം

1109

[വില ചക്രം 7.

ശ്രീരാമചരിതം.

ശ്രീയെഴും ദിവ്യ വിഭൂയും
വത്സലായ് ജനമൊക്കെയും
നയമേറും ദശരഥ-
നയോദ്ധ്യാവനിയാളവേ. ൧

ആക്ഷിതീന്ദ്രന്നു കൌസല്യാ
കുക്ഷിയിൽ ജാതനാദ്യമായ്
പക്ഷമായുലകർക്കാകും
ലക്ഷ്മീശൻതന്നെ രാമനായ്. ൨

കൈകേയി എന്ന മഹിഷി-
ക്കുകംമൊലിച്ചിട്ടും പടി
മകനായാൻ ഭരതനും
തൻകുലത്തിൻ വിഭൂഷയായ്. ൩

ചെമ്മേ ലക്ഷ്മണ ശത്രുഘ്ന-
ന്മമയായാറം സുമിത്രയും
ഇമ്മകളേവരും ചേർന്നാ-
രമ്മയ്ക്കും താതനും മുദം. ൪

രാമനാദ്യസുതൻ വീര-
നഗ്രജൻ ഭരതൻ പരൻ
ലക്ഷ്മണൻ തമ്പി രണ്ടാംക്രമം
ശ്രീമാൻ ശത്രുഘ്നനാക്കരേ. ൩

ഇളമ്പിളിയെന്നോണം
വളരുന്നോരു മക്കളെ
ഇളാനാഥൻ ദശരഥൻ
തെളിഞ്ഞാൻ പാർത്തു കൗതുകാൽ. ൪

ബാലലീലകളോരോന്നും
നലമായ് ച്ചെയ്തു ബാലകർ
ഇല്ലോം പൌരരാകെക്കാമ്പി-
ലുല്ലാസം കൈവളർത്തിനാർ. ൫

ദൃശ്യനായൊരുനാളപ്പോൾ
വിശ്വാമിത്ര മഹാമുനി
വിശാലമാം പുകളെഴും
സുശീലൻ മന്നനങ്ങതാൻ. ൬

നതനായ് മുനിയെപ്പൂജ
ചെയ്തു വേണ്ടുംവിധം നൃപൻ
ഓതിനാനവനോടപ്പോ-
ളോതുവാൻ വന്നകാരണം. ൭

അരക്കരെയടക്കീട്ടു
കരണീയമതാം കൃത്യ
പൂരണം ചെയ്തിടാൻ രാമൻ
പോരണമെന്നോതി മാമുനി. ൧൦

അശനിക്കൊത്തതായീടും
വിശ്വാമിത്രന്റെയീമൊഴി
അതു കേട്ടവനീനാഥ-
നാശ്വാസിക്കാതെയാർത്തനായ്. ൧൧

മുനിയോതി, "മഹാരാജൻ!
നിനക്കറിയുവാൻ പണി
മന്നനാം രാമനെക്കാണ്മോർ
മുനിമാരായ ഞങ്ങളേ." ൧൨

"വിശ്വാമിത്രനെ യേല്പിക്ക-
യാശ്വാസത്തോടു രാമനെ
പിശകില്ലതി"ലെന്നായി
വംശാചാര്യനുണർത്തിനാൻ. ൧൩

വസിഷ്ഠവചനം കേട്ട
വസുധാപതിയാദരാൽ
രാമലക്ഷ്മണരെ [illegible]
മാമുനീന്ദ്രനു നല്കിനാൻ. ൧൪

പ്രീതനാം മുനി രാജന്യ-
സുതരോടൊത്തു യാത്രയായ്
അസ്ത്രവിദ്യയവർക്കോതി
പ്രതാപം കൈവരുത്തിനാൻ. ൧൩

അടുത്തു തടയാൻ പോന്ന
താടകയ്ക്കേകി സദ്ഗതി
പടുവാം രാമനപ്പൊന്നാൾ
തടയാതെ ഗുരുക്രിയ. ൧൪

മുനി തന്നാശ്രമം ചെന്നു
തുനിഞ്ഞാൻ ചെയ്തിടാൻ ക്രതു
ഉടനതിനപ്പൊഴെത്തി-
യനേകം പിശിതാശനർ. ൧൫

മാരീചനെന്ന പേരായ
ഘോരനായോരരക്കനെ
വീരനാം രാമനപ്പൊന്നാൾ
വാരിരാശിയിലാഴ്ത്തിനാൻ. ൧൬

മറ്റു രാക്ഷസരെപ്പേരും
ചെറ്റും വൈകാതെയോട്ടിനാൻ
തെറ്റുകൂടാതെ യാഗത്തി-
ന്നറ്റം മുനി വരുത്തിനാൻ. ൧൭

ശ്രീരാമലക്ഷ്മണന്മാർക്ക
യരുളീട്ടു വരം മുനി
യൊരുമിച്ചവരോടപ്പോൾ
തിരിച്ചാനങ്ങു നിന്നുടൻ. ൨൦

ജനകാഖ്യനായീടും
ജനപാലൻെറയൂഴിയിൽ
മുനിയങ്ങവരോടൊത്തു
ചെന്നാൻ കല്യാണമേറുവാൻ. ൨൧

ശാപത്താൽപ്പാറയായോരു
താപസൻെറ കുടുംബിനി
പാപം വെടിഞ്ഞു ശുചിയായ്
ക്കൂപ്പീ രാമൻെറയങ്ഘ്രിയെ. ൨൨

ജനകൻ സൽക്കരിച്ചേററം
മുനിരാജകുമാരരെ
മനതാരിൽ പ്രമോദം പൂ-
ണ്ടനുമോദിച്ചു ചൊല്ലിനാൻ. ൨൩

വല്യതാം ശൈവചാപത്തെ
ക്കുലച്ചമ്പു തൊടുക്കുകിൽ
ഉല്ലാസാൽ സീതയെ വേൾക്കാം
കല്യനാം രാമനിപ്പൊഴേ. ൨൪

ഒച്ചറവും വൈകാതെതാൻ രാമൻ
ക്രൂറൻ വില്ലു കലയ്ക്കവേ
തെററന്നൊടിഞ്ഞുപോയപ്പോൾ
മററുപേർ വാഴ്ത്തിയേററവും. ൨൩

ജനകൻ ചരിതം രാമ-
ജനകന്നറിയിക്കവേ
മനം കുളുത്തവൻ വന്നു
മാനിച്ചാൻ കൃതമൊക്കെയും. ൨൪

കല്യയാം സീതയെത്താതൻ
നലമായുള്ള വേളയിൽ
കല്യാണമായതുള്ളിനാ
നലകിൻപതി രാമനായ്. ൨൫

പിന്നെ ജനകനർപ്പിച്ചാൻ
മൂന്നു തൻപുത്രിമാരെയും
മൂന്നു രാമാനുജർക്കായി
ധന്യരായവരേവരും. ൨൬

ഏത്രയും പ്രീതനാം വിശ്വാ
മിത്രൻ സൌമിത്രിരാമരെ
സ്തോത്രം ചെയ്തു പുണർപ്പിച്ചു
യാത്രയായിട്ടുയൊന്നപോൽ. ൨൭

പുത്രരും പത്നിമാരും ചേ-
ർന്നത്രയും പ്രീതി പൂണ്ടുടൻ
യാത്രകൊണ്ടാൻ ദശരഥൻ
മിത്രരൊത്തങ്ങുനിന്നുടൻ. ൩൦

വരുംവഴിയെതിർത്തീടാൻ
വരും പരശുരാമനെ
ശ്രീരാമൻ വെന്നു വിരവായ്
തിരിയെ യാത്രയാക്കിനാൻ. ൩൧

പരമാം പ്രീതി കൈക്കൊണ്ടാ-
രച്ചൻ പൂകിനാൻ പുരം
തിരളും ഭാഗ്യജാലത്തിൻ
തിരക്കൊട്ടുതകെഴുകാൽ. ൩൨

ചിലകാലം കഴിഞ്ഞതാറെ
ശീലവാനായ രാമനെ
നലമായഭിഷേചിപ്പാ-
നാലോചിച്ചാൻ മഹീശ്വരൻ. ൩൩

നാട്ടാരകമതിൽ പാരം
ഇഷ്ടിയേറുന്ന രാമനായ്
ചട്ടമായവയും പട്ടം
കെട്ടാനും പുഷ്ടമോദരായ്. ൩൪

മററും കൈകേയിതൻ കൂററു-
ച്ചെററ മന്ഥരയെന്നവൾ
ഏററം കൂനിയതിൽ തെററു-
പററാൻ യത്നം തുടങ്ങിനാൾ. ൨൫

കൈകേയി! നിൻമകൻതാനേ
സാകേതം നാടു വാഴണം
വൈകാതെ പൂകണം രാമൻ
വൻകാടെന്നോതിനാളവൾ. ൨൬

കൂനിതൻ വചനം കേട്ടു
മാനിച്ചു കേകയാത്മജ
മാന്യനാം പതി വന്നപ്പോ-
ളന്യായമവളോതിനാൾ. ൨൭

"മുന്നം തന്ന വരം രണ്ടും
ധന്യമാക്കുക,യൊന്നിനാൽ
മന്നാം ഭരതനന്യത്താൽ
വനമാം രാമനിപ്പോഴേ". ൨൮

ക്ഷീരം പാമ്പിനു നേരാകും
ക്രൂരമീവരയാചനം
പാരീശനാം ദശരഥൻ
നേരായ് കേട്ടമ്പരന്നുപോയ്. ൨൯

കേട്ടാനിപ്പിടിവാദത്തെ
ശ്രേഷ്ഠനാം രാമനപ്പോഴേ
ചട്ടെന്നു താതവാക്യാനാം
തിട്ടമാക്കാനൊരുങ്ങിനാൻ. ൪൦

കാട്ടിൽ പോകാനിറങ്ങീടും
ജ്യേഷ്ഠനെക്കണ്ടു ലക്ഷ്മണൻ
വാട്ടമെന്യേ പുറപ്പെട്ടാൻ
പേടമാൻമിഴി സീതയും ൪൧

വിട്ടുമാറാതെയാത്തീടും
നാട്ടാരും രാമസാന്ത്വനം
കേട്ടു നാട്ടിനു പോയീ വൻ-
കാട്ടിലേക്കും രഘൂത്തമൻ. ൪൨

ഗുഹന്റെ തുണയാൽ ഗംഗാ-
വാഹിനീതരണം ജവാൽ
മഹീപതിയനുജ്ഞിച്ചു
ഗഹനം വനമേറിനാൻ. ൪൩

ചിത്രകൂടാചലത്തിൽ ചെ-
ന്നെത്രയും ജാഗരൂകരായ്
പത്രശാലയതിൽ ബ്ഭൂപ-
പുത്രരാവാസമാർന്നതേ. ൪൪

സുതൻ വേർപെട്ട ശോകത്താൽ
ശതമന്യുപുരം നൃപൻ
ഗതനായാൻ ദശരഥൻ,
പതിഹീനവുമായ് പുരം. ൪൫

വസിഷ്ഠൻ മാതുലാഗാരെ
വസിക്കും ഭരതന്നുടൻ
പ്രസ്ഥാവമുണർത്തിപ്പാൻ
ഭൃത്യരെ യാത്രയാക്കിനാൻ. ൪൬

വൈകാതെ വന്ന ഭരതൻ
ശോകത്താൽ മൂർച്ഛ പൂകിനാൻ
കൈകേയിയെ വിനിന്ദിച്ചാൻ
പകയായ് പല വാക്കിനാൽ. ൪൭

കൌസല്യപ്രമുഖമാരൊത്തും
വസിഷ്ഠനാദിനേകരായ്
ശാസിക്കയാൽ പിതാവിന്നു
ശ്രാദ്ധകർമ്മം നടത്തിനാൻ. ൪൮

അക്കർമ്മമുടിവിൽത്താനെ
യക്കുമാരൻ വനത്തിനായ്
വെക്കം തിരിച്ചാൻ ശത്രുഘ്ന-
യുക്തനായ് പൌരരൊടുമേ. ൪൯

ശ്രീരാമസവിധേ ചെന്നു-
ഭരതൻ കേണു ചൊല്ലിനാൻ
"വരണേ! ജ്യേഷ്ഠ! രാജ്യത്തി-
ന്നരചൻ തിരുമേനി താൻ. ൧൦

ഭവാനടവിയിൽ പോന്നു,
ദിവം പ്രാപിച്ചു താതനും,
അവിടുന്നൂഴി വാഴാഞ്ഞി-
ലിവൻ ജീവൻ വെടിഞ്ഞിടും". ൧൧

ഭരതൻ ചൊന്ന വചനം
ശ്രീരാമൻ കേട്ടു വാടിനാൻ
പരമാം താതകല്പം താൻ
മുറയായ് ചെയ്തു ശുദ്ധനായ്. ൧൨

"താതവാക്യം ഫലത്താനായ്
പതിന്നാലബ്ദവും വനേ
ചതിപറ്റാതെ വാണിട്ടു
പൂതനായ് ഞാൻ വരാം പുരേ. ൧൩

അതേവരെയയോദ്ധ്യയ്ക്കു
പതിയായ് വാഴ്ക സോദര!
നീതി തെറ്റാതെ"യെന്നായി-
ട്ടോതിനാൻ ഭരതാഗ്രജൻ. ൧൪

ഉരന്നു രാമനോടപ്പോൾ
ഭരതൻ പാദുകാദ്വയം
തിരിയേ വരുവോളം തൻ-
ഉതവായ് കരുതീടുവാൻ. ൧൧

അരുളീട്ടതയോദ്ധ്യക്കായ്
ശ്രീരാമൻ യാത്രയാക്കിനാൻ
പുരവാസികളുമയീടും
നരരോടൊത്തു തമ്പിയെ. ൧൨

കേരള സാഹിത്യ അക്കാദമി

ശ്രീരാമനവിടം വിട്ടു
ഘോരമാം ദണ്ഡകാവനം
നാരിയും തമ്പിയും ചേൎന്ന
വിരവിൽ പൂകി വീര്യവാൻ. ൧൩

മഹാമുനിയഗസ്ത്യന്റെ
ഗേഹത്തിൽ ചെന്നു മൂവരും
മഹാസൽകൃതിയദ്ദേഹം
മഹോത്സാഹത്തോടേററിനാൻ. ൧൪

വിടവാങ്ങിക്കൊണ്ടു പഞ്ച-
വടിയിൽ ചെന്നു രാഘവൻ,
അടവായാശ്രമം തീൎത്താൻ
പടു ലക്ഷ്മണനങ്ങടൻ. ൧൫

ആലസ്യമെന്നിയേ കാത്താ-
നല്ലും പകലുമങ്ങവൻ
തെല്ലും സീതയ്ക്കൊന്നു-
മല്ലലേലാതവണ്ണമായ്. ൬൩

ഏതാനം രാപ്പകലുക-
ളിതേ മട്ടു നീക്കിനാർ
യതികൾക്കൊത്തതായിട്ടു
വൃത്തിയോടവനീശ്വരർ. ൬൪

അക്കാലമൊരുനാൾ ശൂർപ്പ-
ണഖയെന്നുള്ള രാക്ഷസി
പാർക്കവേ രാമനെത്തന്റെ
പക്കലാക്കാനൊരുങ്ങിനാൾ. ൬൫

മായകൊണ്ടവളൊട്ടേറെ
മയക്കം വടിവേറ്റുടൻ
നായകൻ നീ യെനിക്കെന്നു
സ്വയം രാമനൊടോതിനാൾ. ൬൬

“ബാലേ! ഭാര്യയെനിക്കുണ്ടു
ബാലൻ ലക്ഷ്മണനെ ജ്ജവാൽ
നലമായ് വേൾക്ക നീ മോദാൽ
ചെല്ലു”കെന്നോതി രാമനും. ൬൭

വെറിയോടവളുമണഞ്ഞതി-
യറിയിച്ചു മനോരഥം
അറുത്തു ചെവിയും മൂക്കും
പറപ്പിച്ചാനവൻ ജവാൽ. ൩൫

ത്വരയാ പറഞ്ഞവളുടൻ
ഖരനോടോതിയിക്കഥ
വിരവിൽ ചീറിയവനു-
മൊരുമ്പെട്ടു രണത്തിനായ്. ൩൬

ദൂഷണൻ ത്രിശിരസ്സെന്നും
ദോഷാചരരൊടൊത്തവൻ
പതിനാലായിരം പേരാൽ
വൃതനായ് പോന്നു പോരിടാൻ. ൩൭

സീതയെക്കാത്തുകൊൾവാനാ-
യോതി ലക്ഷ്മണനോടുടൻ
എതിർത്താരവരോടപ്പോ-
ളെതിർത്താൻ രാമനേകനായ്. ൩൮

അരയാമത്തിനാൽ താനെ-
യരക്കരെയശേഷവും
ശൂരൻ രാമൻ ഹനിച്ചിട്ടു
വീരശ്രീയാൽ വിളങ്ങിനാൻ. ൩൯

ലങ്കാധിപനെയശ്ശൂർപ്പ-
ണഖ വൃത്താന്തമുണർത്തവെ
ചെങ്കനൽജ്ജ്വാലയുളവായ്
കൺകളിൽ നിന്നവന്റയും. ൧൦

മാരീചനെത്തുണയ്ക്കായി
വരിച്ചോടി നിശാചരൻ
ശ്രീരാമാശ്രമദേശത്തിൽ
തരം നോക്കിയിരുപ്പുമായ്. ൧൧

പൊന്മാനായിട്ടു മാരീചൻ
പെൺമണീടെ പുരോഭുവി
വൻമായം കാട്ടിയദ്ദേവി
തൻമനം കവരും പടി. ൧൨

സീതയിൽപിടിവാശയാൽ
പതി ചെന്നു പിടിച്ചിടാൻ
കതികൊണ്ടവനും ദൂര-
ത്തതിവേഗനായോടിനാൻ. ൧൩

ഇത്ഥം പൂച്ചെന്നടൻരാമൻ
ചിന്തിച്ചമ്പൊന്നയയ്ക്കവെ
പതിച്ചുരച്ചാൻ മാരീചൻ
സീതേ! ലക്ഷ്മണ! എന്നഹോ! ൧൪

കേട്ടു ജാനകിയസ്വസ്ഥ-
യുടൻ ലക്ഷ്മണനോടേറെ
ജ്യേഷ്ഠനെക്കാത്തുവന്നീടാം
പടിയായുരയാടിനാൾ. ൧൩

തനിയായ് സീതയെ വിട്ടി-
ട്ടനിയൻ പോയ വേളയിൽ
മുനിയായ് രാവണൻ വന്നു
ജനിതയെൻ ചതി ചെയ്തിടാൻ. ൧൪

ഖലൻ ജാനകിയെ തേരിൽ
ബ്ബലാൽ കേററിട്ടു യാത്രയായ്
നിലയെലാത മാലാഴി-
യലയിൽ ദേവി മുങ്ങിനാൾ. ൧൫

തടസ്സം ചെയ്ത പക്ഷീന്ദ്രൻ
ജടായുവിനെ രാവണൻ
മുടിയുംപടിയായ് ചെയ്താൻ
കുടിലക്കൊത്ത ചേഷ്ടയാൽ. ൧൬

രാക്ഷസൻ തൻപുരം പുക്കു
രാക്ഷസീവൃതയാക്കിനാൻ
അക്ഷമാപുത്രിയെ തന്റെ
പക്ഷത്തിൽ ചേർപ്പതിന്നഹോ! ൧൭

പിരിഞ്ഞു സീതയെത്തന്റെ
യരികിൽ പോന്ന തമ്പിയെ
ശ്രീരാമൻ കണ്ടു ഖേദിച്ചാൻ
കരുതിച്ചതിയേററതായ്. വ്യ൦

"സീതേ! ലക്ഷ്മണ! എന്നാൎന്നൻ
കതറീടുന്ന ദേവരാ!
അതിവേഗേന നീ ചെന്നു
പതിയെ കാത്തിടേണമേ!" വ്യ൧

എന്നോതിയെന്നെയിങ്ങോട്ടു
ജാനകീദേവിയോട്ടിനാൾ
ചൊന്നാനിങ്ങനെ സൌമിത്രി,
പോന്നാൻ മുന്നൻ നിജാശ്രമം. വ്യ൨

അങ്ങു ജാനകിയെക്കാണാ-
ഞ്ഞങ്ങുമാരാഞ്ഞു നോക്കിനാർ
പൊങ്ങിവന്നോരു ശോകത്താൽ
മങ്ങിനാരവരുഭയം. വ്യ൩

ഹനുമാനവരെക്കൂട്ടി-
ച്ചെന്നു സുഗ്രീവനോടുടൻ
അന്യൂനസഖ്യം ചെയ്യിച്ചു
ധന്യമാം മോദമേററിനാൻ. വ്യ൪

ദുഷ്ടനാം ബാലിയെ കൊന്നു
കിഷ്കിന്ധാരാജ്യമേകിനാൻ
പുഷ്കരേക്ഷണനാം രാമൻ
ഭാസ്കരാത്മജനായ് തദാ. ൬൰൮

‘‘ചോക്കരെ! വേഗമായ്പ്പക്ഷ
ദിക്കൊക്കെ തേടിനോക്കുവിൻ
മെയ്യൂന്നി സീതയെ പാർക്കാൻ
തക്കവാറൊക്കെയോർക്കുവിൻ.’’ ൬൰൯

ഇത്തരം വാനരേന്ദ്രന്റെ-
യുക്തി കൈക്കൊണ്ടു വേഗമായ്
പ്രാപ്തിയേറും കപീന്ദ്രന്മാ-
രൊത്തു യാത്ര തുടങ്ങിനാർ. ൭൰

ഹനുമാൻ കൂട്ടരൊന്നിച്ചു
ഇനിവോടാഴിതൻതടം
ചെന്നപ്പോളോതി സമ്പാതി
ജാനകീടെയിരിപ്പിടം. ൭൰൧

ആഴി താണ്ടീട്ടു ലങ്കയ്ക്കു
നുഴയാനാഞ്ജനേയനെ
കഴിവുള്ളവനെന്നുള്ള
മൊഴി കേൾപ്പിച്ചു ജാംബവാൻ. ൭൰൨

ബലവും മതിയും പാരം
കലരും ഹനൂമാനുടൻ
ലീലയാൽ തന്നെയുദധി
വിലങ്ഘിച്ചെത്തി ലങ്കയിൽ. ൯൦

പതിദേവതയാം ദേവി-
യതിശോക നിമഗ്നയായ്
വൎത്തിപ്പതെയവൻ പാൎത്തു
കൃതകൃത്യത പൂകിനാൻ. ൯൧

ദുഷ്ടനാം രാവണൻ ചൊന്ന
കടുഭാഷണമൊക്കെയും
തടവില്ലാതെ കേട്ടിട്ടു
വാടിനാനേറെയും കപി. ൯൨

മറവുള്ള രാക്ഷസിക്കൂട്ടം
മുറവും നിദ്രയിലാഴവെ
ചെറു രാമന്റെ ചരിതം
തെററാതങ്ങോതി വാനരൻ. ൯൩

സീത കേട്ടമ്മതാതേതാൎക്ക്
വാൎത്തയാൎത്തി വെടിഞ്ഞുടൻ
നതനായ് നിന്ന കപിയെ
പ്രീതിയോടൊന്നു നോക്കിനാൾ. ൯൪

"ദേവി! രാമന്റെ ദൂതൻ ഞാ
നിവിടെ പോന്ന വാനരൻ
ഭൂവരൻ ചൊന്ന കുശലം
ഭവതിക്കു കഥിച്ചിടാൻ. ൯൩

കളഞ്ഞു മാലയകലെ
തെളിഞ്ഞീടുക ജാനകി!
എളുതിൽ പതിയോടൊത്തു
വെളിവായിങ്ങു പോരുവേൻ. ൯൪

തുഷ്ടനാം രാമനിങ്ങെത്തി
ദുഷ്ടനായ ദശാസ്യനെ
ചട്ടെന്നു കൊന്നു ദേവിക്കു
തുഷ്ടിയേകീടുമേറെയും." ൯൫

എന്നോതിയവനന്നേരം
മന്നൻ തൻ കണയാഴിയെ
മുന്നിലർപ്പിച്ചു വൈദേഹി-
ക്കാനന്ദം കൈവളർത്തിനാൻ. ൯൬

വെളിവായ് കണ്ടവൻനാമം
തെളിയും കണയാഴിയെ
ഇളാമകളുള്ളത്തേറെ-
യുളവാം തെളിവേന്തിനാൾ. ൯൭

‘‘വെളിമേളം വളർന്നോരു
നാളിന്നിന്നാളിനുള്ളതാം
ഒളിതൻ നൂറിലേകാംശം
തെളിവായുളവായിതോ!.’’ ൧൦൦

ഇവണ്ണമെണ്ണിയദ്ദേവി-
യവനർപ്പിച്ച ചൂഡയെ
അവിളംബേന കണവൻ
വിവരം വിശ്വസിക്കുവാൻ. ൧൦൧

വെളിവാക്കി പ്രഭാവത്തെ
തിളങ്ങും മൌലിഭൂഷണം
ഒളിച്ചു കപി ദേവീടെ-
യുള്ളാശിസ്സോടു യാത്രയായ്. ൧൦൨

അരക്കരായിരം പേരെ
വിരവിൽ കൊന്ന വാനരൻ
കരത്താൽ പ്രഹരിച്ചേവം
കരുത്തു വെളിവാക്കുവാൻ. ൧൦൩

ലങ്കാധിപന്റെ മകനാം
വങ്കനക്ഷകുമാരനെ
വൻ കല്ലതിലടിച്ചിട്ടു
വൻ കപീന്ദ്രൻ വിളങ്ങിനാൻ. ൧൦൪

പൊണ്ണൻ രാവണനായ് പിന്നെ
വർണ്ണിച്ചു രാമവൈഭവം
വെണ്ണീറാക്കീട്ടവൻ ലങ്ക-
യർണ്ണവം താണ്ടിയക്കപി. ൧൦൫

തിരിയെ ക്രുദ്ധരോടൊത്തു
ഹരി പാഞ്ഞെത്തി യോതിനാൻ
ശ്രീരാമനോടു വൈദേഹീ-
ചരിതം ചരിതാർത്ഥനായ്. ൧൦൬

പിന്നെ ശ്രീരാമനർപ്പിച്ചാൻ
ഹനുമാൻ മൌലിഭൂഷണം
മനം കുളുർത്തു നൃപതി
വാനരൻതന്നെ പുല്കിനാൻ. ൧൦൭

ദുഷ്ടനാം രാവണൻ തീരെ-
യാട്ടിപ്പായിച്ചു സജ്ജനം
ശിഷ്ടൻ വിഭീഷണൻ വന്നു
കേട്ടാനഭയമാദരാൽ. ൧൦൮

ശരണം കേഴ്ക്കുമാക്കർക്കും താൻ
പരിരക്ഷണമേകുവാൻ
കരുത്തും രാമനവനാ-
മരുളിച്ചെയ്തു രക്ഷണം. ൧൦൯

ശ്രീരാമനവരോടൊത്തു
വിരവിൽ സാഗരത്തിനെ
തരണം ചെയ്തിടാൻ വാരിൽ
പെരുതാമണ കെട്ടിനാൻ. ൧൧൦

കരുത്തേറും ദശാസ്യന്റെ
പുരത്തെത്തീട്ടു രാഘവൻ
പൊരുതാൻ വരുവാനായി-
ട്ടരക്കരെയുണർത്തിനാൻ. ൧൧൧

കേരള സാഹിത്യ അക്കാദമി

അഷ്ടദിക് പാലരെയും തൻ
പാട്ടിലാക്കിയ രാവണൻ
ചാടും കപികളോടേററ
രാട്ടിനെക്കണ്ടു ത്രസ്തനായ്. ൧൧൨

അരക്കരോടു, പൊരുതാ-
നരച്ചാനവനപ്പോഴേ
ഘോരമായ് പൊരുതാരപ്പോൾ
പെരും കപിനിശാചരർ. ൧൧൩

അരനാഴികനേരത്താൽ
പെരും രാക്ഷസസേനയെ
കരുത്തേറും വാനരന്മാർ
ഞെരിച്ചു പൊടിയാക്കിനാർ. ൧൧൪

വീരനാം ലക്ഷ്മണൻ പിന്നെ
ശൂരനാമിന്ദ്രജിത്തിനെ
മാരുതീടെ സഹായത്താൽ
വിരവിൽ കൊന്നു ധന്യനായ്. ൧൧൫

ആൾമാടത്തോടെതിർത്തോരു
കുംഭകർണ്ണനെയപ്പൊഴേ
നിർഭിന്നനാക്കവേ രാമ-
നഭയം പൂകി വാനരർ. ൧൧൬

ഘോരനായൊരു ലങ്കേശൻ
വീരനായൊരു രാമനായ്
പൊരുതീട്ടരു മാനിച്ചാൻ
പെരുതാം രാമവിക്രമം. ൧൧൭

ശ്രീരാമനുമതേമട്ടാ-
യരക്കന്റെ വിക്രമം
ഘോരമായ് കരുതി, പ്പിന്നെ
പൊരുതാരവരേറെയും. ൧൧൮

സ്തുത്യമാം ബലമേറുന്ന
മർത്ത്യനാഥൻ രണാങ്ഗണേ
പതിപ്പിച്ചാൻ ദുരാചാര-
വൃതനായോരരക്കനെ. ൧൧൯

ഖേദം കളഞ്ഞു നലമായ്
വാനോർ മാനത്തു നിന്നടൻ
സൂനവൎഷ തൂകീട്ടു
മാനിച്ചു രാമനെത്തുലോം. ൧൨൦

വിഭീഷണനെയപ്പോഴ-
ഭിമാനിച്ചു രാഘവൻ
അഭിഷേചിച്ചു ലങ്കയ്ക്കു
തമ്പുരാനാക്കി വാഴ്ത്തിനാൻ. ൧൨൧

ശ്രീരാമപട്ടമഹിഷി-
യ്ക്കുരചെൻവ്രതമൊക്കെയും
വിരവിൽ ചെന്ന ഹനുമാ-
നരച്ചുഴലകററിനാൻ. ൧൨൨

സീത കയ്യേന്തിവന്നോരു
പാതിവ്രത്യപ്പരപ്പിനെ
പ്രീതനാമഗ്നിഭഗവാ-
നോതിയൎത്ഥമറിഞ്ഞിടാൻ. ൧൨൩

മിത്രങ്ങൾക്കൊട്ടു സാമ്രാജ്യം
ശത്രുക്കൾക്കാത്മനാശവും
തീൎത്തോരു സീതയെപ്പാരം
പാൎത്തു രാമൻ കൃതാൎത്ഥനായ്. ൧൨൪

യാത്രയായാനടൻ കേറി-
ച്ചിത്രമാം പുഷ്പകത്തിലായ്
മിത്രവും തമ്പിയും പ്രേമ-
പാത്രവും ചേർന്ന രാഘവൻ. ൱൰൫

നൊട്ടംകടലുടൻ താണ്ടി-
യിടയിൽ തടവെന്നിയേ
അടവിസ്തൃകമായ് കണ്ടാ
നടജം രാമനേരെയും. ൱൰൬

പിന്നെപ്പാർത്ത ഭരദ്വാജ-
മുനിവര്യന്റെയാശ്രമം
മന്നൻ മണ്ണിലിറങ്ങീട്ടു
മുനിയെക്കൂപ്പിയാദരാൽ. ൱൰൭

അമ്മഹാത്മാ ഭരദ്വാജൻ
സന്തോഷം പൂണ്ടു രാമനെ
ചെമ്മെ മാനിച്ചു പലവാ-
റമ്മഹീശനെ വാഴ്ത്തിനാൻ. ൱൰൮

അതിഥിക്കുററ സൽക്കാര-
മതിയായ് ചെയ്തു വേളയിൽ
ഭൂതതം രാമനാണന്തികെ
ത്തുച്ചൊന്നായോതിയമ്മുനി. ൱൰൯

“പതിനാലബ്ദവും കാട്ടിൽ
പാൎത്തു താപസവൃത്തിയായ്”,
പിതാവിൻ വചനം രാമ !
ചതി പററാതെ കാത്തു നീ” ൧൩൦

ഭരതൻചരിതം പാൎത്തു
വിരവായാഗമിച്ചിടാൻ
ശ്രീരാമനോതവേ പാരതു
മരുത്തിൻ സുതനോടിനാൻ. ൧൩൧

കുതികൊണ്ടവനങ്ങെത്തി-
യതിയാം രാമഭക്തിയെ
പാൎത്തു നേരായ് ഭരതനിൽ
സ്തുതിചെയ്തു മഹാകപി. ൧൩൨

ഹനുമാൻ രാമകുശല-
മനുജാതനരുളവേ
മാന്യനാം ഭരതൻ പെട്ടെ-
ന്നാനന്ദാഴിയിൽ മുങ്ങിനാൻ. ൧൩൩

പുരത്തിനു പരിഷ്കാരം
ത്വരയാ വിരചിക്കുവാൻ
അരികെ നിന്ന ശത്രുഘ്ന-
ന്നരുളി ഭരതൻ മുദാ. ൧൩൪

മതിമാനായ ഹനുമാന-
തിവേഗേന രാമനായ്
ഭ്രാതാവിൻ ഭക്തിമഹിമ-
യതിവിസ്തരമോതിനാൻ. ൧൩൪

ഭരമേ രാജാനമതിയാൽ
ഭരതാഗ്രജനപ്പൊഴേ
തേരിലേറിപ്പുറപ്പെട്ടാൻ
പുരത്തിന്നു മോദമായ്. ൧൩൫

എതിരേററു വരും നേരായ്
ഭ്രാതാവെ പാൎത്തു രാഘവൻ
അതിവേഗേന തേരിന്നു
ഭൂതലത്തിലിറങ്ങിനാൻ. ൧൩൬

ഏറെക്കാലം കഴിഞ്ഞെന്നും
കൂറോടന്നാ തമ്പിയെ
മാറോടണച്ചു കണ്ണേന്തി
യേറെയും പ്രീതി രാഘവൻ. ൧൩൭

അന്യോന്യം കുശലം ചൊല്ലി-
യനുജാഗ്രജരെത്തിനാർ
മന്ദം കല്പത്തയോദ്ധ്യയ്ക്കു,
മാനിച്ചു പുരവാസികൾ, ൧൩൮

ധന്യരാമമ്മമാരെപ്പാ-
ത്താനന്ദിപ്പിച്ചു രാഘവൻ
അന്നാൾ മുതലയോധ്യയ്ക്കും
മന്നനായ് താൻ വിളങ്ങിനാൻ. ൧൪൦

കല്യാണവിളക്കാകും
മല്ലാക്ഷീമണി സീതയെ
പലവാറമ്മമാരെല്ലാം
താലോലിച്ചു പുകഴ്ത്തിനാർ. ൧൪൧

തത്ര സൌമിത്രിയും പാരം
സ്തോത്രാശിസ്സിനു പാത്രമായ്
മിത്രമാം രാക്ഷസാധീശ-
മിത്രപുത്രാദിവൃന്ദവും. ൧൪൨

മങ്ഗളം തിരളും കാല-
ത്തങ്ഗഭൂഷയണിഞ്ഞുടൻ
തുങ്ഗസിംഹാസനേ രാമൻ
തിങ്ങും മോദാൽ കരേറിനാൻ. ൧൪൩

ശ്രേഷ്ഠനാം രാമചന്ദ്രനു
പുഷ്ടമോദാൽ വസിഷ്ഠനും
പട്ടാഭിഷേകമുടനേ
ചട്ടമായങ്ങിയററിനാൻ. ൧൪൪

സത്യം ദയ മഹോത്സാഹം
മതി കൃത്യമിതൊക്കെയും
സ്തുത്യമായ് ചെന്ന പതിയെ
പ്രാൎത്ഥ്യ·വാഴ്ത്തി മഹാജനം. ൧൪൧

വാനരാധിപനും ലങ്കാ
മന്നനും രാമസമ്മതം
മാനാൽ കൈക്കപ്പെറു നിജമാം
മന്നിൽ ചെന്നു വിളങ്ങിനാർ. ൧൪൨

വന്ദ്യമാം ഉണൎവും ശ്രീയും
വിദ്യയും ചെൎന്ന രാമനും
ഹൃദ്യമാം ഭരണം ചെയ്തു
മോദമായ് ചേൎത്തു മംഗളം. ൧൪൩

ശുഭം.

Printed at The Anantha Rama Varma Press, Fort, Trivandrum.

ഗ്രന്ഥകാരന്റെ മററ കൃതികൾ.

---

1. ശ്രീമദനന്തശയനപ്രാശസ്ത്യം.
2. ശ്രീകൃഷ്ണസ്തുതി.
3. ശ്രീമഹാലക്ഷ്മീകടാക്ഷശതകം.
4. ആഞ്ജനേയ മാഹാത്മ്യം
5. പുത്രസംരക്ഷണപ്രാർത്ഥന.
6. സ്തോത്രാരാമം.
7. ശ്രീചിത്രാവതാരവിജയം.
8. ദർശനങ്ങളും ശ്ലോകങ്ങളും.
9. തർക്കസാരം.
10. കഥാമകരന്ദം.
11. ഉപദേശമാല.
12. അമൂല്യരത്നം.
13. ഭാഷാമയൂര ശതകം.
14. പദ്യകിരണാവലി
15. ശ്രീകടാക്ഷ ശതകവ്യാഖ്യാനം.
16. ശ്രീചണ്ഡീശതകവ്യാഖ്യാനം.
17. ശ്രീസൂര്യശതകവ്യാഖ്യാനം.
18. അദ്ധ്യാത്മപടല വ്യാഖ്യാനം.
19. ശ്രീചിത്രാവതാരപ്രഭാവം.
20. രത്നാവലി.

കേരള സാഹിത്യ
അക്കാദമി